DESPATCHED
On..15/06/2020

17/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2752(2)/2018**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **15143**/എസ്.ഐ.സി-ജി 6/18)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജയ്സൺ പി.ആർ. & കൈരളി ഒ.എസ്.,
(ജനപ്രിയ വിലാസം), L.I.G. ക്വാർട്ടേഴ്സ്,
ശാന്തിഗിരി പി.ഒ., തിരുവനന്തപുരം – 695 589. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
   പോത്തൻകോട്.

2. അപ്പീൽ അധികാരി&
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
   ഡെ.പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
   ആറ്റിങ്ങൽ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.04.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.05.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 30.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | –10.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.12.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 26.12.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജയ്സൺ പി.ആർ., 20.12.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 26.12.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു കയും ആയത് **AP.No.2752(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തെറ്റിദ്ധരിപ്പിക്കുന്നതും കബളിപ്പിക്കുന്ന തരത്തിലുള്ളതുമായ മറുപടിയാണ് നൽകിയതെന്നും ആയതി നാൽ ടിയാന് സത്യസന്ധവും നീതിയുക്തവുമായ മറുപടി ലഭ്യമാക്കണ മെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 28.04.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 23.05.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരനും ടിയാന്റെ ഭാര്യയും സമർപ്പിച്ച പരാതി ടി ഓഫീസിൽ നൽകിയ ദിവസംതന്നെ പോത്തൻകോട് പോലീസ് സബ് ഇൻസ്പെക്ടർക്ക് അന്വേഷണത്തിന് നൽകിയി ട്ടുള്ളതും തുടർന്ന് ടി സംഭവത്തിന് ക്രൈം 1620/2017 u/s 788 of POCSO Act പ്രകാരം കേസെടുത്ത് അന്വേഷണം നടത്തി വരുന്നുവെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീലിലെ ഖണ്ഡിക 4ൽ സൂചിപ്പിച്ചി രുന്ന വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചതനുസരിച്ച് പോത്തൻകോട് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ടി വിഷ യത്തിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ടി റിപ്പോർട്ടിൽ മേൽപ്പടി വിവര ങ്ങൾക്ക് മറുപടി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജി ക്കാരന് അയച്ചിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 08.07.2019, 16.11.2019 എന്നീ തീയതികളിലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹൈക്കോടതി ഡ്യൂട്ടിയുണ്ടായിരുന്നതിനാലാണ് ഹിയറിം ഗിന് ഹാജരാകാൻ കഴിയാത്തതെന്നും ഹർജിക്കാരന്റെ രണ്ടാം അപ്പീലിലെ ആക്ഷേപം വാസ്തവ വിരുദ്ധമാണെന്നും ടിയാന്റെ പരാതിയിന്മേൽ ശരിയായ അന്വേഷണം നടത്തിയിട്ടുള്ളതും പോക്സോ കോടതിയിൽ 31.03.2017ൽ ചാർജ്ജ്

ഷീറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും തുടർന്ന് അന്വേഷണം നടത്തിയതിൽ കഴമ്പില്ലെന്ന് കണ്ട് അനന്തര നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ഇതിലേയ്ക്ക് പ്രത്യേകം മൊഴി രേഖപ്പെടുത്തിയിട്ടില്ലെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/